**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.6613 — 21/11/2019 ൽ മറുപടിക്ക്

## സർവ്വേയർമാരുടെ ഒഴിവുകൾ

**ചോദ്യം**
**ശ്രീ.വി.പി.സജീന്ദ്രൻ**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സർവ്വേയും ഭൂരേഖയും വകുപ്പിൽ നിലവിൽ സർവ്വേയർമാരുടെ എത്ര ഒഴിവുകളുണ്ട്; പ്രസ്തുത ഒഴിവുകൾ ഏതെല്ലാം ജില്ലയിൽ നിന്നുമാണ് റിപ്പോർട്ട് ചെയ്യിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) യും (ബി) യും | സർവ്വെയും ഭൂരേഖയും വകുപ്പിൽ നിലവിൽ സർവ്വേയർമാരുടെ 115 ഒഴിവുകളുണ്ട്. സർവ്വെയർ നിയമനം സംസ്ഥാനാടിസ്ഥാനത്തിൽ ആയതിനാൽ ഒഴിവുകളുടെ ജില്ല തിരിച്ചുള്ള പട്ടിക കണക്കാക്കിയിട്ടില്ല. |
| (ബി) | പ്രസ്തുത ഒഴിവുകൾ സർവ്വേ ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്ത തീയതി ജില്ല തിരിച്ച് പട്ടിക ആയി വ്യക്തമാക്കാമോ; | | |
| (സി) | ഓരോ ജില്ലയിലും ഫസ്റ്റ് ഗ്രേഡ് സർവ്വേയർ, സെക്കൻഡ് ഗ്രേഡ് സർവ്വേയർ, ഹെഡ് സർവ്വേയർ എന്നിവയുടെ തസ്തികകൾ എത്ര വീതം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (സി) | സർവ്വെയും ഭൂരേഖയും വകുപ്പിൽ സംസ്ഥാനാടിസ്ഥാനത്തിൽ 1678 സർവ്വെയർ തസ്തികകൾ അനുവദിക്കുകയും ആയത് 1:1 അനുപാതത്തിൽ 839 ഫസ്റ്റ് ഗ്രേഡ് സർവ്വെയർ, 839 സെക്കൻഡ് ഗ്രേഡ് സർവ്വെയർ എന്നിങ്ങനെ കണക്കാക്കിയിരിക്കുന്നതുമാണ്. ജില്ലാ തലത്തിൽ ഫസ്റ്റ് ഗ്രേഡ് സർവ്വെയർ/സെക്കൻഡ് ഗ്രേഡ് സർവ്വെയർ തസ്തികകൾ തരം തിരിച്ച് അനുവദിച്ചിട്ടില്ല. സർവ്വെയും ഭൂരേഖയും വകുപ്പിൽ സംസ്ഥാനാടിസ്ഥാനത്തിൽ 279 ഹെഡ് സർവ്വെയർ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഹെഡ് സർവ്വെയർ തസ്തികകൾ ജില്ല തിരിച്ച് അനുവദിച്ചിട്ടില്ല. |
| (ഡി) | സർവ്വേയർ ഫസ്റ്റ് ഗ്രേഡ്,സെക്കന്റ് ഗ്രേഡ് തസ്തികയിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യത് ഡേറ്റ്,സർവ്വേ ഗ്രേഡ്എന്നിവ ജില്ല തിരിച്ച് പട്ടിക ആയി വ്യക്തമാക്കാമോ; | (ഡി) | സർവ്വെയർ നിയമനം സംസ്ഥാനാടിസ്ഥാനത്തിൽ ആയതിനാൽ ഒഴിവുകളുടെ ജില്ല തിരിച്ചുള്ള പട്ടിക കണക്കാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | സർവ്വേയും ഭൂരേഖയും വകുപ്പിൽ നിന്നും മറ്റു വകുപ്പുകളിൽ സർവ്വേയർമാരെ നിയമിക്കാറുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പിൽ എത്ര വീതം തസ്തികകളിലെന്ന് വ്യക്തമാക്കാമോ ? | (ഇ) | സർവ്വെയും ഭൂരേഖയും വകുപ്പിൽ നിന്നും സർവ്വെയർ തസ്തികയിൽ വനം വകുപ്പിൽ ഡി.എഫ്.ഒ., എ.ഡി.(മിനി ഫോറസ്റ്റ് സർവ്വെ) ഓഫീസുകളിലായി 42 തസ്തികകളിലും റവന്യൂ വകുപ്പിൽ ജില്ലാ കളക്ടർമാരുടെ കീഴിൽ 296 തസ്തികകളിലും നിയമനം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ